LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദ നഴ്സുമാരുടെ പ്രൊമോഷൻ

83 (3515) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.എ.എം.എസ്. കോഴ്സിന് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക ക്വാട്ട അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്രയാണ് ക്വാട്ട എന്നും വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഭാരതീയ ചികിത്സാവകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ക്വാട്ടയിൽ ബി.എ.എം.എസ്. പഠനം പൂർത്തിയാക്കുന്നവർക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഴ്സ് തസ്തികയിൽ ജോലി നോക്കുന്നവർക്ക് ബി.എ.എം.എസ്. കോഴ്സിന് ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ 1 (ഒന്ന്) സീറ്റ് അനുവദിച്ചിട്ടുണ്ട്.

(ബി) ഭാരതീയ ചികിത്സാവകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നേരിട്ടും ഭാരതീയ ചികിത്സാവകുപ്പിൽ നിലവിൽ ജോലി നോക്കിവരുന്ന ഫാർമസിസ്റ്റ്, നേഴ്സ്, മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് എന്നീ വിഭാഗക്കാരിൽ ബി.എ.എം.എസ്., യോഗ്യത നേടിയിട്ടുള്ളവർക്ക് ബൈ ട്രാൻസ്ഫർമുഖേന പബ്ലിക് സർവ്വീസ് കമ്മീഷൻവഴിയുമാണ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് നിയമനം നടത്തിവരുന്നത്. ബൈ ട്രാൻസ്ഫർ വഴി നിയമനം നടത്തുന്ന തിലേയ്ക്ക് മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയുടെ കേഡർ സ്ട്രെങ്തിന്റെ 10% ടി വിഭാഗങ്ങളിലുള്ളവർക്കായി നീക്കിവച്ചിട്ടുള്ളതാണ്. ഇപ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റ്, നേഴ്സ്, മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് എന്നീ വിഭാഗക്കാരിൽ ബി.എ.എം.എസ്. യോഗ്യത ഉള്ളവർക്ക് മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ പ്രകാരംമാത്രം നിയമനം നൽകി വരുന്നുണ്ട്.

(സി) നിലവിലുള്ള സ്പെഷ്യൽ റൂളിന് വിധേയമായിട്ടുമാത്രമേ മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് നിയമനം നടത്താൻ സാധിക്കുകയുള്ളൂ.